# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം **16.06.2021** മുതൽ **20.06.2021** വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 48/2021 | തീയ്യതി: 15/06/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 242.5 | 26.8 – 32.6 | 22.4 – 24.1 | 82 - 98 | 00- 00 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 16-06-2021 | 17-06-2021 | 18-06-2021 | 19-06-2021 | 20-06-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 40 | 40 | 20 | 20 | 10 |
| കൂടിയ താപനില, °C | 27 | 28 | 28 | 28 | 28 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 82 | 82 | 82 | 82 | 82 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 16 | 18 | 14 | 10 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 250 | 270 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും.<br><br>നിലവിലെ കാലാവസ്ഥ നെല്ലിൽ ബാക്റ്റീരിയൽ ഇല കരച്ചിൽ, ഇഞ്ചിയിൽ ബാക്റ്റീരിയൽ വാട്ടം തുടങ്ങിയ രോഗങ്ങൾ പടരുന്നതിനുള്ള സാഹചര്യമാകും. തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ മാത്രമേ രോഗം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ<br><br>നെല്ല് നഴ്സറിയിലും പറിച്ചു നട്ട പാടങ്ങളിലും തണ്ടു തുരപ്പന്റെ ആക്രമണം ഉണ്ടായേക്കാം. തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം വർധിക്കാൻ സാധ്യത.<br><br>രോഗം വന്നു നശിച്ച ചെടികൾ ഉണ്ടെങ്കിൽ അവ പൂർണമായും പിഴുതുമാറ്റി തീയിട്ടു നശിപ്പിക്കണം. നെല്ല് ഒഴികെ മറ്റു കൃഷിയിടങ്ങളിൽ വെള്ളം കെട്ടി നില്ക്കാൻ അനുവദിക്കരുത് | | |

| | | | |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | വൃക്ഷ വിളകൾ നടുന്നത് തുടരാം. തൈക്കുഴികളിൽ വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴികളുടെ വക്കിന് ചുറ്റും വരമ്പുകൾ തീർക്കുക.<br>കുരുമുളക് തോട്ടങ്ങളിൽ താങ്ങു കാലുകളുടെ കൊമ്പുകൾ കോതി തണൽ ക്രമീകരിക്കുക.<br>നെൽപ്പാടങ്ങളിൽ വരമ്പുകളിലെ ദ്വാരങ്ങളെല്ലാം ചെളി ഉപയോഗിച്ച് അടക്കുക. ജല നിർഗമന ചാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുക.<br>മഴക്കാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണ്.<br>നല്ല മഴയുള്ള ദിവസങ്ങളിൽ വിളകൾക്ക് രാസ വളപ്രയോഗം ഒഴിവാക്കുക. | | |
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഇലകരിച്ചിൽ  | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി ഏക്കറിന് 2 കിലോ ഇട്ടു കൊടുക്കണം. സ്ട്രെപ്റ്റോമൈസ്സിൻ ഏക്കറിന് 100 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| | | തണ്ടുതുരപ്പൻ  | നെല്ലിൽ തണ്ടു തുരപ്പൻ പുഴുവിന്റെ ആക്രമണം ഉണ്ടെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 18.5% W/W SC 3മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിതളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി  | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂഷൽ ബാധയെ തടയാൻ സഹായിക്കും.<br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 6 ഗ്രാം ഫെർട്ടറ (Ferterra) 250ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്.<br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |

| | | | |
|---|---|---|---|
| ഇഞ്ചി | വാട്ടം | ബാക്റ്റീരിയൽ വാട്ടം   | രോഗബാധയില്ലാത്തിടങ്ങളിൽ നിന്ന് ശേഖരിച്ച വിത്തിഞ്ചി മാത്രം നടാൻ ഉപയോഗിക്കുക. നടുന്നതിനു മുൻപ് വിത്തിഞ്ചി സ്ട്രെപ്റ്റോസൈക്ലിൻ 200 മില്ലി ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനിയിൽ മുപ്പതു സെക്കന്റ് നേരം മുക്കുക.<br><br>കൃഷിയിടങ്ങളിൽ ഒരു സെന്റിന് മൂന്നുകിലോ വീതം കുമ്മായം മണ്ണിൽ ചേർത്തിളക്കുക. ട്രൈക്കോഡെർമ, സ്യൂഡോമോണസ് എന്നീ ജീവാണുക്കൾ ഉപയോഗിക്കുക.<br><br>രോഗം ബാധിച്ച ചെടികൾ മുറിച്ചു വെള്ളത്തിൽ മുക്കിയാൽ മുറിവിൽ നിന്നും നേർത്ത വെളുത്ത ബാക്റ്റീരിയൽ ലായനി നൂലുപോലെ പുറത്തു വരുന്നത് കാണാം. അവ പിഴുതുമാറ്റി ഒരുശതമാനം വീര്യമുള്ള ബോഡോമിശ്രിതം കൊണ്ട് തടം കുതിർക്കുക. |

/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി